# കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

പരിഷദ് ഭവൻ, തളാപ്പ് കണ്ണൂർ - 2

Phone: 0497 2700424, Email: ksspknr@gmail.com


# കണ്ണൂർ ജില്ലയിലെ ബസ്റ്റാന്റുകളിലെ, സ്ത്രീകൾക്കായുള്ള ശുചിത്വസൗകര്യങ്ങൾ

# ജനകീയ അന്വേഷണ കമ്മീഷൻ റിപ്പോർട്ട്

**ആമുഖം**

കേരളസമൂഹം പുരുഷമേധാവിത്വപരമാണ് എന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ അവസ്ഥ മാറ്റിയെടുക്കുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ പൊതുപ്രസ്ഥാനങ്ങളും കുറച്ചൊക്കെ ഗവൺമെന്റും നടത്തിവരുന്നുമുണ്ട്. കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നൽകിപ്പോരുന്ന പ്രാധാന്യം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വനിതാഘടക പദ്ധതി, വനിതാ കമ്മീഷൻ പ്രവർത്തനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ 50% സംവരണം തുടങ്ങിയവ ഇതിനുദാഹരണമാണ്. ഇതിന്റെ ഫലമായി സ്ത്രീകളുടെ സാമൂഹ്യദൃശ്യത ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്, സ്ത്രീകൾക്ക് പ്രത്യേകമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ് എന്ന ധാരണയും ശക്തിപ്പെട്ടിട്ടുണ്ട്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് പതുക്കെ വർദ്ധിച്ചുവരികയാണ് കേരളത്തിൽ. എന്നാൽ ഓരോരോ മേഖലയിലും എത്രമാത്രം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് വിശദമായി പരിശോധിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിലാണ് കണ്ണൂർ ജില്ലയിലെ ബസ്റ്റാന്റുകളിലുള്ള ശുചിത്വ സൗകര്യങ്ങൾ എത്രമാത്രം സ്ത്രീ സൗഹൃദപരമാണ് എന്ന് പരിശോധിക്കാൻ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കണ്ണൂർ ജില്ലാകമ്മിറ്റിയും ജെന്റർ വിഷയസമിതിയും തീരുമാനിച്ചത്.

**അന്വേഷണ കമ്മീഷൻ**

ഇക്കാര്യം പരിശോധിക്കാനായി ജെന്റർ വിഷയസമിതിയുടെ നേതൃത്വത്തിൽ ഒരു ജനകീയ അന്വേഷണ കമ്മീഷനെ നിയോഗിച്ചു. താഴെപ്പറയുന്നവരാണ് കമ്മീഷനിലെ അംഗങ്ങൾ.

1. ഡോ. എ കെ ജയശ്രീ (ചെയർപേഴ്സൺ)
2. പ്രൊഫ. കെ എ സരള (കണ്ണൂർ ജില്ലാപഞ്ചായത്ത് മുൻ പ്രസിഡന്റ്)
3. എൻ സുകന്യ (ജനാധിപത്യ മഹിളാ അസോസിയേഷൻ കേന്ദ്രകമ്മിറ്റിയംഗം)
4. ഒ സി ബേബിലത (മെമ്പർ സെക്രട്ടറി)

5. ടി ഗംഗാധരൻ
   (അഖിലേന്ത്യാ ജനകീയ ശാസ്ത്രപ്രസ്ഥാനം, മുൻ ജനറൽ സെക്രട്ടറി)
6. അഡ്വ. കെ കെ രത്നകുമാരി (ചെങ്ങളായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)
7. കെ വിലാസിനി
   (വൈസ് പ്രസിഡന്റ്, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കണ്ണൂർ ജില്ലാ കമ്മിറ്റി)
8. എം ദിവാകരൻ
   (സെക്രട്ടറി, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കണ്ണൂർ ജില്ലാ കമ്മിറ്റി)

ഇതു കൂടാതെ കമ്മീഷനെ സഹായിക്കാനായി 5 പ്രാദേശിക ഉപകമ്മീഷനുകളേയും നിയോഗിക്കുകയുണ്ടായി. പി എം സിദ്ധാർത്ഥൻ, എം വിജയകുമാർ, സി പി ലക്ഷ്മിക്കുട്ടി, എ ബിന്ദു, ജയശ്രീ ടീച്ചർ, പി സൗമിനി, കെ കെ രവി, കമലാസുധാകരൻ, പ്രേമജ, ഡോ. സിനാദ്ര, സി യശോനാഥ്, കെ ശാന്തമ്മ, അഡ്വ. വി പി തങ്കച്ചൻ, സുമ തങ്കച്ചൻ, സരോജിനി ടീച്ചർ, കെ വിനോദ്കുമാർ, ഫൽഗുനൻ, കെ ആർ ആർ വർമ്മ തുടങ്ങിയവർ ഉപകമ്മീഷനുകൾക്ക് നേതൃത്വം നൽകി. 2016 ജനുവരി 31, ഫെബ്രുവരി 6 എന്നീ തീയ്യതികളിലായി ജനകീയ കമ്മീഷൻ ജില്ലയിലെ 15 പഞ്ചായത്തുകളിലുള്ള 15 പഞ്ചായത്ത് ബസ്സ്റ്റാന്റുകളും 10 മുനിസിപ്പാലിറ്റികളിലായുള്ള 14 ബസ്സ്റ്റാന്റുകളും 2 കെ എസ് ആർ ടി സി ബസ്സ്റ്റാന്റുകളും സന്ദർശിക്കുകയും താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിക്കുകയും ചെയ്തു.

- പൊതു ശൗചാലയങ്ങളുടെ പ്രവർത്തനം എത്രമാത്രം തൃപ്തികരമാണ്.
- അവ എത്രമാത്രം സ്ത്രീ സൗഹൃദപരമാണ്.
- ജനങ്ങൾ ഇവയെ എത്രമാത്രം പ്രയോജനപ്പെടുത്തുന്നു.

അന്വേഷണ കമ്മീഷന്റെ സന്ദർശനവിവരം ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളേയും അറിയിക്കുകയും പത്രമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. മിക്കയിടങ്ങളിലും തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ബഹുജനങ്ങളും കമ്മീഷന് തെളിവു നൽകാനായി എത്തിച്ചേരുകയുണ്ടായി. ഇങ്ങനെ ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള സംഗ്രഹിത റിപ്പോർട്ടാണ് ചുവടെ കൊടുക്കുന്നത്.

## 1. കക്കൂസ്, മൂത്രപ്പുര എന്നിവയുടെ ലഭ്യത

പരിശോധിച്ച എല്ലാ ബസ്സ്റ്റാന്റുകളിലും പൊതുമൂത്രപ്പുരകളും പൊതുകക്കൂസുകളും ലഭ്യമാണ്. പുരുഷന്മാർക്കായി മൂത്രപ്പുര കമ്പാർട്ടുമെന്റുകളും കക്കൂസ് മുറികളും, സ്ത്രീകൾക്കായി മൂത്രപ്പുരയായും കക്കൂസായും ഉപയോഗിക്കാവുന്ന മുറികൾ. ഇതാണ് പൊതു സമീപനം. ഓരോ ബസ്സ്റ്റാന്റിലും ലഭ്യമായ മൂത്രപ്പുര കമ്പാർട്ടുമെന്റുകളുടെയും കക്കൂസ് മുറികളുടേയും എണ്ണം പട്ടികയിൽ കൊടുത്തിരിക്കുന്നു. ▪ നടുവിൽ ബസ്സ്റ്റാന്റിൽ മൂത്രപ്പുര നിർമ്മിച്ചിട്ടില്ല. പുരുഷന്മാർക്കും സ്ത്രീകൾക്കും ഓരോ മുറി കക്കൂസ് മാത്രമാണ് അവിടെയുള്ളത്. ▪ ആലക്കോട് ബസ്സ്റ്റാന്റിൽ വളരെ ദുർലഭമായേ ആളുകൾ വരുന്നുള്ളൂ. അതിനാൽ അവിടെ സ്ഥാപിച്ചിരിക്കുന്ന മൂത്രപ്പുര കക്കൂസുകൾ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല. അവിടെ ബസ്സ്റ്റാന്റായി ഉപയോഗിക്കുന്ന ടൗൺ ബസ്സ്റ്റോപ്പിലാകട്ടെ ഒരു സൗകര്യവുമില്ലതാനും. ▪ തലശ്ശേരി പഴയ ബസ്സ്റ്റാന്റിലെ മൂത്രപ്പുര സ്ഥിരമായി

അടച്ചിട്ടിരിക്കുകയാണ്. ■ കണ്ണൂർ പഴയ ബസ്സ്റ്റാന്റിലെ കക്കൂസ് കോംപ്ലക്സിലെ രണ്ടാം നില പൂർണ്ണമായും അടച്ചിട്ടിരിക്കുന്നു. ■ പിലാത്തറ ബസ്സ്റ്റാന്റിൽ മൂത്രപ്പുര ലഭ്യമല്ല.

## 2. സ്ത്രീ സൗഹൃദപരമാണോ?

ഒരു സ്ത്രീസൗഹൃദ ടോയ്‌ലറ്റിൽ ഉണ്ടാവേണ്ട കാര്യങ്ങൾ, ഭയം കൂടാതെ പ്രവേശിക്കാൻ പറ്റിയ സുരക്ഷിതമായ വഴി, വൃത്തിയും വെടിപ്പുമുള്ള ടോയ്‌ലറ്റ് മുറി, താല്ക്കാലികമായി ലഗേജ് വയ്ക്കാനുള്ള കൊളുത്തുകളോ തട്ടുകളോ, സാനിറ്ററി നാപ്കിൻ, ഡയപ്പർ തുടങ്ങിയവ സുരക്ഷിതമായി നിക്ഷേപിക്കാനുള്ള സൗകര്യം, ഇവ സംസ്ക്കരിക്കുന്നതിനുള്ള ഇൻസിനറേറ്റർ, വാഷ്ബേസിൻ, കണ്ണാടി, തുടങ്ങിയവയാണ്. ഇതു പരിഗണിക്കുമ്പോൾ ജില്ലയിലെ ഒരു ബസ്സ്റ്റാന്റിലും സ്ത്രീസൗഹൃദ അന്തരീക്ഷമില്ല എന്ന് ഉറപ്പിച്ചുപറയാം.

## 3. വെള്ളത്തിന്റെ ലഭ്യത; ശുചീകരണ സംവിധാനം

പൊതുവെ ശുചീകരണത്തിനാവശ്യമായ ജലം ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. താഴെപ്പറയുന്ന ബസ്സ്റ്റാന്റുകളിൽ വെള്ളം വേണ്ടത്ര ലഭ്യമല്ല.

1. കേളകം
2. പയ്യന്നൂർ പുതിയ ബസ്സ്റ്റാന്റ് (ഇ-ടോയ്‌ലറ്റ്)
3. മട്ടന്നൂർ ബസ്സ്റ്റാന്റ്
4. പാനൂർ ബസ്സ്റ്റാന്റ്

ശുചീകരണത്തിനായി ഇടയ്ക്ക് വെള്ളം കോരിഒഴിക്കുകമാത്രമാണ് ചെയ്യുന്നത്. ആധുനികമായ വാട്ടർഗൺ സൗകര്യം എവിടേയും ലഭ്യമല്ല. വാഷ്ബേസിനുകൾ ½ ഡസൻ സ്ഥലങ്ങളിൽ മാത്രമെ കാണാൻ കഴിഞ്ഞുള്ളൂ. ഉപയോഗ്യമായത് പയ്യന്നൂർ കെ എസ് ആർ ടി സി, കണ്ണൂർ പുതിയബസ്സ്റ്റാന്റ്, തലശ്ശേരി പുതിയ ബസ്സ്റ്റാന്റ്, മയ്യിൽ ബസ്സ്റ്റാന്റ് എന്നിവിടങ്ങളിൽ മാത്രം.

പയ്യന്നൂർ കെ എസ് ആർ ടി സി, കണ്ണൂർ പുതിയബസ്സ്റ്റാന്റ്, തലശ്ശേരി പുതിയ ബസ്സ്റ്റാന്റ്, എന്നിവിടങ്ങളൊഴിച്ച് എവിടേയും തൃപ്തികരമായ രീതിയിൽ നിരന്തരമായ ശുചീകരണം നടക്കുന്നില്ല. പലേടത്തും ഇടയ്ക്കിടെ ടാങ്ക് പൊട്ടിയൊലിക്കുന്ന സ്ഥിതിയാണുള്ളത്. കണ്ണൂർ പഴയബസ്സ്റ്റാന്റിലെ കക്കൂസിന്റെ ശുചീകരണം പരിതാപകരമാണ്. ഭാഗികമായി തുറന്നു കിടക്കുന്ന ടാങ്ക് വളരെ അപകടകരമാണിവിടെ. കണ്ണൂർ പുതിയ ബസ്സ്റ്റാന്റൊഴികെ ഒരിടത്തും ടാങ്കിലെ മാലിന്യങ്ങൾ കാലാകാലമായി നീക്കം ചെയ്യാനുള്ള സൗകര്യങ്ങളില്ല.

## 4. വൈദ്യുതി, വെളിച്ചം

വൈദ്യുതിലഭ്യത, വെളിച്ചം എന്നിവയ്ക്ക് വേണ്ട പ്രാധാന്യം പൊതുവെ നല്കിക്കാണുന്നില്ല. മൂന്നു പഞ്ചായത്തു ബസ്സ്റ്റാന്റുകളിലും 6 മുൻസിപ്പൽ ബസ്സ്റ്റാന്റുകളിലും നിലവിൽ വൈദ്യുതി ലഭ്യമല്ല. വൈദ്യുതിയുള്ള പലേടത്തും പ്രവർത്തിക്കുന്ന ബൾബും ട്യൂബും കാണാനുമില്ല.

**വൈദ്യുതി ലഭ്യമല്ലാത്ത ബസ്സ്റ്റാന്റുകൾ**

1. ശ്രീകണ്ഠാപുരം ബസ്സ്റ്റാന്റ്

2. മട്ടന്നൂർ ബസ്റ്റാന്റ്
3. പാനൂർ ബസ്റ്റാന്റ്
4. തലശ്ശേരി ബസ്റ്റാന്റ്
5. ആലക്കോട് ബസ്റ്റാന്റ്
6. പേരാവൂർ ബസ്റ്റാന്റ്
7. കേളകം ബസ്റ്റാന്റ്

### 5. മുലയൂട്ടൽ മുറി

അത്ഭുതമെന്നു പറയട്ടെ ജില്ലയിലെ ഒരു ബസ്റ്റാന്റിലും സ്ത്രീകൾക്ക് സുരക്ഷിതമായും സ്വകാര്യത നിലനിർത്തിക്കൊണ്ടും കുഞ്ഞുങ്ങൾക്ക് മുലകൊടുക്കാനുള്ള സൗകര്യമില്ല. പിലാത്തറ ബസ്റ്റാന്റിൽ പേരിന് അങ്ങനെയൊരു മുറിയുണ്ടെങ്കിലും ആളുകൾക്ക് ഉപയോഗിക്കാൻ തോന്നുന്ന വിധത്തിലല്ല അതിന്റെ അവസ്ഥ.

### 6. അടച്ചുറപ്പ്

എല്ലാ ബസ്റ്റാന്റുകളിലും മൂത്രപ്പുര, കക്കൂസുകൾക്ക് അടച്ചുറപ്പുള്ള വാതിലുകളുണ്ട്. എന്നാൽ മാതമംഗലത്തെ നിലവിലുള്ള ബസ്റ്റാന്റിൽ പൊതുകവാടമായതിനാൽ സുരക്ഷിതത്വക്കുറവുണ്ട്. ഈ കതക് സ്ഥിരമായി അടച്ചിടുകയും ആവശ്യമുള്ളവർ അടുത്തുള്ള കടയിൽ നിന്ന് താക്കോൽ വാങ്ങി തുറക്കുകയും ചെയ്യുന്ന സംവിധാനമാണുള്ളത്.

### 7. ശുചീകരണത്തൊഴിലാളികൾ

സ്ഥിരമായി ശുചീകരണത്തൊഴിലാളികളെ നിയമിക്കാൻ വേണ്ടത്ര വരുമാനം കുറച്ചു ബസ്റ്റാന്റുകളിലേയുള്ളൂ. പയ്യന്നൂർ, തളിപ്പറമ്പ്, തലശ്ശേരി, കണ്ണൂർ ഇവയാണ് ഇക്കൂട്ടത്തിൽപ്പെടുന്നത്. ഇവയിൽ കണ്ണൂർ പുതിയബസ്റ്റാന്റിൽ (BOT) സ്വന്തം ജീവനക്കാരെ ശുചീകരണത്തിനായി നിയോഗിച്ചിട്ടുണ്ട്. ബാക്കി മൂന്നിടത്തും കോഴിക്കോടുള്ള ഒരു കോൺട്രാക്ടറുടെ തൊഴിലാളികൾക്കാണ് ഈ ഉത്തരവാദിത്തം. മറ്റു പഞ്ചായത്ത് ബസ്റ്റാന്റുകളിൽ കരാറിൻ പ്രവർത്തനങ്ങൾ നടത്തുന്ന രീതിയാണ് കൂടുതലുള്ളത്. തുച്ഛവരുമാനമുള്ളവരാണ് ഇവിടത്തെ തൊഴിലാളികൾ. തുച്ഛമായ വരുമാനം മാത്രമേയുള്ളൂവെങ്കിലും ഒരു സേവനമെന്ന നിലയിൽ ഒരു പാവം വൃദ്ധൻ അതേറ്റെടുത്ത് നടത്തുന്നു (കേളകം പഞ്ചായത്ത്).

### 8. ഇ-ടോയ്‌ലറ്റുകൾ

2 ബസ്റ്റാന്റുകളിലാണ് ഇ-ടോയ്‌ലറ്റുകൾ ഉള്ളത്. പയ്യന്നൂർ പുതിയ ബസ്റ്റാന്റ്, തലശ്ശേരി പുതിയ ബസ്റ്റാന്റ് എന്നിവയാണവ. ഈ രംഗത്ത് ഏറെ സാധ്യതളാണ് ഇ-യോല്റ്റുകൾക്കുള്ളത്. ഇ-ടോയ്‌ലറ്റുകൾ കൈകാര്യം ചെയ്യുന്നതിന് പോലും തദ്ദേശസ്ഥാപനങ്ങൾ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല. കമ്മീഷൻ സന്ദർശിച്ച ദിവസങ്ങളിൽ ഈ രണ്ടു ഇ-ടോയ്‌ലറ്റുകളും വെള്ളമില്ലാത്തതിനാൽ ഉപയോഗിക്കാൻ പറ്റിയിരുന്നില്ല. ഇ-ടോയ്‌ലറ്റ് സ്ഥാപിച്ച ഏജൻസിയെ അറിയിച്ചതിനെത്തുടർന്ന് അവർ ഉടൻതന്നെ ഇടപെടുകയും പ്രശ്നം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടോയ്‌ലറ്റിൽ വെള്ളമെത്തിക്കുന്നതിനുള്ള ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനം അത് കൃത്യമായി ചെയ്യാൻ

ശ്രദ്ധിക്കാത്തതാണ് പ്രശ്നം. കൂടാതെ എ എം സി നഗരസഭകൾ നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## നിർദ്ദേശങ്ങൾ

മേൽനിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മുഴുവൻ ബസ്റ്റാന്റുകളിലും ശൗചാലയങ്ങളുടെ പൊതുസ്ഥിതി മെച്ചപ്പെടുത്തുന്നതിനും സ്ത്രീസൗഹൃദ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും താഴെപ്പറയുന്ന കാര്യങ്ങൾ ഈ ജനകീയ അന്വേഷണകമ്മീഷൻ ശുപാർശ ചെയ്യുന്നു.

1. ബസ്റ്റാന്റുകളിലേക്കായി സ്ത്രീസൗഹൃദ ടോയ്‌ലറ്റുകൾക്ക് വേണ്ടി ഒരു ടൈപ്പ് പ്ലാൻ തയ്യാറാക്കണം. ശുചിത്വമിഷന്റെ സഹായത്തോടുകൂടി ഇതുചെയ്യാവുന്നതാണ്.
2. ഈ ആധുനിക ഡിസൈൻ അനുസരിച്ച് ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനുമുമ്പായി ഉടൻ തന്നെ ജലലഭ്യത, വൈദ്യുതി എന്നിവ ലഭ്യമാക്കാനും ശുചീകരണസംവിധാനം മെച്ചപ്പെടുത്താനും നടപടിയെടുക്കണം.
3. വരുമാനം കുറഞ്ഞ ബസ്റ്റാന്റുകളിലും തദ്ദേശഭരണസ്ഥാപനത്തിന്റെ അനിവാര്യചുമതല എന്ന നിലയിൽ ഇതിനുള്ള തുക പദ്ധതിയിൽ വകയിരുത്താൻ ശ്രദ്ധിക്കണം.
4. എല്ലാ ബസ്റ്റാന്റ് ടോയ്‌ലറ്റുകളിലും നാപ്കിൻ, ഡയപ്പർ ഇവ നിക്ഷേപിക്കാനുള്ള ഇടങ്ങളും ഇൻസിനറേറ്ററും സ്ഥാപിക്കണം.
5. എല്ലാ ബസ്റ്റാന്റുകളിലും Breast feeding മുറികൾ നിർബന്ധമായും ഏർപ്പെടുത്തണം.
6. കണ്ണൂർ, തലശ്ശേരി, നിടുംപൊയിൽ എന്നിവിടങ്ങളിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ടോയ്‌ലറ്റുകൾ ഉണ്ടാകണം. രാത്രി കാലത്തേക്ക് ഇ-ടോയ്‌ലറ്റ് ആയാലും മതിയാകും.
7. ധാരാളം ആളുകൾ ഉപയോഗിക്കുന്ന കക്കൂസ് ടാങ്കുകളിലെ മലത്തിൽ നിന്ന് ബയോഗ്യാസ് ഉൽപാദിപ്പിക്കുന്നതിനുള്ള സംവിധാനം പരിഗണിക്കണം.
8. ജില്ലയിൽ ഒരു Septage Treatment Plant എത്രയും വേഗത്തിൽ സ്ഥാപിക്കണം.
9. മുഴുവൻ ബസ്റ്റാന്റുകളിലും മേൽപ്പറഞ്ഞ സൗകര്യം ഒരു വർഷത്തിനുള്ളിൽ നടപ്പാക്കാനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, എം എൽ എ മാർ, എം പി മാർ, ശുചിത്വമിഷൻ ഇവരുടെ ഒരു സംയുക്തയോഗം എത്രയും വേഗത്തിൽ വിളിച്ചുചേർത്ത് ഇതിനായുള്ള ഭാവിപരിപാടികൾ തയ്യാറാക്കണം.
10. ബഹുജനങ്ങൾ വേണ്ടത്ര ശ്രദ്ധയില്ലാതെ ശൗചാലയങ്ങൾ ഉപയോഗിച്ചതിന്റെ നിരവധിപ്രശ്നങ്ങൾ പല ബസ്റ്റാന്റുകളിലും കാണാൻ കഴിഞ്ഞു. ഇതു പരിഹരിക്കാനായി ശൗചാലയങ്ങൾക്ക് അടുത്തുതന്നെ ശ്രദ്ധേയമായ വിധത്തിൽ ഉപയോഗക്രമങ്ങൾ പ്രദർശിപ്പിക്കുകയും മറ്റു വിധത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കുകയും വേണം.
11. ഇ-ടോയ്‌ലറ്റുകളുടെ സാധ്യത ഉപയോഗപ്പെടുത്തണം.

കമ്മീഷനുവേണ്ടി,

**ഡോ. എ കെ ജയശ്രീ**
ചെയർ പേഴ്സൺ
(ഒപ്പ്)

**ഒ സി ബേബിലത**
മെമ്പർ സെക്രട്ടറി
(ഒപ്പ്)

അനുബന്ധം 1

## പഞ്ചായത്തിലെ ശൗചാലയങ്ങൾ

| ക്രമനമ്പർ | പഞ്ചായത്ത് | പൊതു ശൗചാലയമുണ്ടോ? | a - സാധാരണതരം<br>b - ഇ-ടോയ്‌ലറ്റ്<br>c - സ്ത്രീ സൗഹൃദം | മൂത്രപ്പുര കംപാർട്ട്മെന്റ് | കക്കൂസ് എണ്ണം | സ്ത്രീകൾക്ക് എത്ര മുറി | പുരുഷന്മാർക്ക് എത്ര മുറി | പ്രവർത്തനസമയം നിശ്ചയിച്ചിട്ടുണ്ടോ? | ഫീസ് | ഫീസെത്ര? | ശുചീകരിക്കാനാളുണ്ടോ? | വെള്ളം ലഭ്യമാണോ? | വൈദ്യുതി ലഭ്യമാണോ? | അടച്ചുറപ്പുണ്ടോ? |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | പഴയങ്ങാടി (ഏഴോം) | ✓ | a | 2 | 2 | 2 | 2 | x | x | x | x | ✓ | ✓ | ✓ |
| 2. | പിലാത്തറ (ചെറുതാഴം) | ✓ | a | x | 1 | 1 | 2 | x | x | x | x | ✓ | ✓ | ✓ |
| 3. | മാതമംഗലം (എരമം-കുറ്റൂർ) | ✓ | a | 1 | 1 | 1 | 1 | x | x | x | x | ✓ | ✓ | ✓ |
| 4 | ചെറുപുഴ (ചെറുപുഴ) | ✓ | a | 1 | 5 | 2 | 3 | ✓ | ✓ | 2+5 | ✓ | ✓ | ✓ | ✓ |
| 5 | ആലക്കോട് | ✓ | a | 6 | 4 | 4 | 6 | ✓ | x | x | x | ✓ | x | ✓ |
| 6 | നടുവിൽ | ✓ | a | x | 2 | 1 | 1 | ✓ | x | x | x | ✓ | ✓ | ✓ |
| 7 | പയ്യാവൂർ | ✓ | a | 2 | 2 | 1 | 1 | ✓ | ✓ | 2+5 | ✓ | ✓ | ✓ | ✓ |
| 8 | ചക്കരക്കൽ (ചെമ്പിലോട്) | ✓ | a | 10 | 4 | 2 | 2 | ✓ | ✓ | 2+5 | ✓ | ✓ | ✓ | ✓ |
| 9 | ചാലോട് (കീഴല്ലൂർ) | ✓ | a | 6 | 3 | 2 | 1 | ✓ | ✓ | 2+5 | ✓ | ✓ | ✓ | ✓ |
| 10 | അഞ്ചരക്കണ്ടി (വേങ്ങാട്) | ✓ | a | 3 | 1 | x | 1 | x | x | x | x | ✓ | ✓ | ✓ |
| 11 | മയ്യിൽ | ✓ | a | 8 | 6 | 4 | 2 | ✓ | ✓ | 2+5 | ✓ | ✓ | ✓ | ✓ |
| 12 | ഇരിക്കൂർ | ✓ | a | 5 | 4 | 2 | 2 | ✓ | ✓ | 2+5+10 | ✓ | ✓ | ✓ | ✓ |
| 13 | പേരാവൂർ | ✓ | a | 7 | 3 | 1 | 2 | ✓ | ✓ | 2 | ✓ | x | x | ✓ |
| 14 | കേളകം | ✓ | a | 1 | 6 | 2 | 4 | ✓ | ✓ | 2 | ✓ | x | x | ✓ |
| 15 | നിടുംപൊയിൽ (കോളയാട്) | ✓ | a | 1 | 5 | 2 | 3 | ✓ | ✓ | 2 | ✓ | ✓ | ✓ | ✓ |

അനുബന്ധം 2

## മുനിസിപ്പാലിറ്റിയിലെ ശൗചാലയങ്ങൾ

| ക്രമനമ്പർ | മുനിസിപ്പാലിറ്റി | പൊതു ശൗചാലയമുണ്ടോ? | a - സാധാരണതരം b - ഇ-ടോയ്‌ലറ്റ് c - സ്ത്രീ സൗഹൃദം | മൂത്രപ്പുര കംപാർട്ട്മെന്റ് എണ്ണം | കക്കൂസ് എണ്ണം | സ്ത്രീകൾക്ക് എത്ര മുറി | പുരുഷന്മാർക്ക് എത്ര മുറി | പ്രവർത്തനസമയം നിശ്ചയിച്ചിട്ടുണ്ടോ? | ഫീസ് | ഫീസെത്ര? | ശുചീകരിക്കാനാളുണ്ടോ? | വെള്ളം ലഭ്യമാണോ? | വൈദ്യുതി ലഭ്യമാണോ? | അടച്ചുറപ്പുണ്ടോ? |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | പയ്യന്നൂർ പുതിയ ബസ്റ്റാന്റ് | ✓ | b | x | 1 | 1 | x | x | x | 2 | x | x | x | ✓ |
| 2. | പയ്യന്നൂർ പഴയ ബസ്റ്റാന്റ് | ✓ | a | 5 | 3 | 3 | 4 | ✓ | ✓ | 2+5 | ✓ | ✓ | ✓ | ✓ |
| 3. | പയ്യന്നൂർ ksrtc (സ്ത്രീകൾക്ക് മാത്രം) | ✓ | a | x | 6 | 6 | x | ✓ | x | x | ✓ | ✓ | ✓ | ✓ |
| 4 | തളിപ്പറമ്പ് ബസ്റ്റാന്റ് | ✓ | a | 10 | 7 | 4 | 4 | ✓ | ✓ | 2+5 | ✓ | ✓ | ✓ | ✓ |
| 5 | പറശ്ശിനിക്കടവ് (ആന്തൂർ) | ✓ | a | 4 | 4 | 8 | 10 | ✓ | ✓ | 2+5 | ✓ | ✓ | ✓ | ✓ |
| 6 | കൂത്തുപറമ്പ് | ✓ | a | x | 10 | 5 | 5 | ✓ | ✓ | 1+5 | ✓ | ✓ | ✓ | ഭാഗികം |
| 7 | മട്ടന്നൂർ | ✓ | a | 12 | 6 | 3 | 3 | ✓ | ✓ | 1+5+10 | ✓ | x | x | ഭാഗികം |
| 8 | ഇരിട്ടി ബസ്റ്റാന്റ് | ✓ | a | 9 | 8 | 4 | 2 | ✓ | ✓ | 2+5+10 | ✓ | ✓ | ✓ | ✓ |
| 9 | ശ്രീകണ്ഠാപുരം ബസ്റ്റാന്റ് | ✓ | a | x | 1 | 1 | 3 | ✓ | ✓ | 2 | ✓ | ✓ | x | ✓ |
| 10 | പാനൂർ | ✓ | a | 5 | 2 | x | 2 | ✓ | ✓ | 1+5 | ✓ | x | x | ✓ |
| 11 | തലശ്ശേരി പഴയ ബസ്റ്റാന്റ് | ✓ | a | x | x | x | x | x | x | x | x | x | x | x |
| 12 | തലശ്ശേരി പുതിയ ബസ്റ്റാന്റ് | ✓ | a | 6 | 11 | 3 | 3 | ✓ | ✓ | 1+5 | ✓ | ✓ | ✓ | ഭാഗികം |
| 13 | തലശ്ശേരി പഴയ ബസ്റ്റാന്റ് (ഇ-ടോയ്‌ലറ്റ്) | ✓ | b | x | x | x | x | x | x | x | x | x | x | x |
| 14 | കണ്ണൂർ പഴയ ബസ്റ്റാന്റ് | ✓ | a | 11 | 18 | 4 | 14 | ✓ | ✓ | 2+5 | ✓ | ✓ | ✓ | ✓ |
| 15 | കണ്ണൂർ പുതിയ ബസ്റ്റാന്റ് | ✓ | a | 38 | 24 | 7 | 4 | ✓ | ✓ | 2+5+20 | ✓ | ✓ | ✓ | ✓ |
| 16 | കണ്ണൂർ ksrtc | ✓ | a | x | 3 | 3 | 2 | ✓ | ✓ | 2 | ✓ | ✓ | ✓ | ✓ |